**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളിൽ ഭരണസമിതിയുടെ കാലാവധി അവസാനിച്ച സംഘങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളിൽ ഭരണസമിതിയുടെ കാലാവധി അവസാനിച്ച സംഘങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകളിൽ അടഞ്ഞുകിടക്കുന്നതും ശോച്യാവസ്ഥയിലുള്ളതുമായ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളുടെ കെട്ടിടങ്ങൾ അറ്റകുറ്റപണി നടത്തുന്നതിന് ഗ്രാന്റ് നിലവിലുണ്ടോ; ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസിന് പരമാവധി 5 ലക്ഷം രൂപ വരെ ധനസഹായം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.<br><br>1. സ്ഥിരം സെക്രട്ടറിയും ഭരണസമിതിയും ഉണ്ടായിരിക്കണം.<br><br>2. സംഘം കുറഞ്ഞത് 3 വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം.<br><br>3. മൂന്നു വർഷം വരെയുള്ള ആഡിറ്റ് പൂർത്തികരിച്ചിരിക്കണം.<br><br>4. അസിസ്റ്റന്റ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് സമർപ്പിക്കണം.<br><br>5. 31.03.2015 ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടമായിരിക്കണം<br><br>6. സംഘം അഴിമതിരഹിതവും, സർക്കാരിലേക്ക് കുടിശ്ശിക ഉണ്ടാകാനും പാടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | സംഘത്തിന്റെ പേര് | തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | മണത്തല പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ. ആർ 100 | കടപ്പുറം ഗ്രാമപഞ്ചായത്ത്. |
| 2. | ഒരുമനയൂർ ഗ്രാമപഞ്ചായത്ത് സംഘം ക്ലിപ്തം നമ്പർ. ആർ 742 | ഒരുമനയൂർ ഗ്രാമപഞ്ചായത്ത്. |
| 3. | പൂക്കോട് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ. ആർ 792 | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| 4. | ഗുരുവായൂർ മുനിസിപ്പാലിറ്റി സംഘം ക്ലിപ്തം നമ്പർ. ആർ 839 | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| 5. | വടക്കേക്കാട് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ. ആർ 934 | വടക്കേക്കാട് ഗ്രാമപഞ്ചായത്ത് |
| 6. | പുന്നയൂർ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ. ആർ 790 | പുന്നയൂർ ഗ്രാമപഞ്ചായത്ത് |
| 7. | ചാവക്കാട് മുനിസിപ്പൽ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ. ആർ 835 | ചാവക്കാട് മുനിസിപ്പാലിറ്റി |

സെക്ഷൻ ഓഫീസർ